**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1443** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എ. രാജ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസ മേഖലയിൽ സമ്പൂർണ്ണ ഡിജിറ്റൈസേഷൻ നടപ്പാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവൽക്കരണത്തിനും സാങ്കേതികവിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്), സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ, 'സമഗ്ര' പഠന വിഭവ പോർട്ടൽ, അധ്യാപക പരിശീലനം, ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ, കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനൽ വഴിയുള്ള ക്ലാസുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി കേരളത്തെ ഇന്ത്യയിലെ ആദ്യ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനമായി 2020 ഒക്ടോബർ 12 ന് ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ഹൈടെക് പദ്ധതികൾ പ്രകാരം 16009 സ്കൂളുകളിൽ 119051 ലാപ്ടോപ്പ്, 69955 പ്രൊജക്ടർ, 43250 പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, 23098 സ്ക്രീൻ, 4545 നാല്പത്തിമൂന്ന് ഇഞ്ച് ഫുൾ എച്ച്.ഡി. എൽ.ഇ.ഡി. ടെലിവിഷൻ, 4609 മൾട്ടിഫങ്ഷൻ പ്രിന്റർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4720 ഫുൾ എച്ച്.ഡി. വെബ്ക്യാം, 100439 യു.എസ്.ബി. സ്പീക്കർ എന്നിവവിതരണം ചെയ്തു. ഓരോ സ്കൂളിനും നൽകിയ ഉപകരണങ്ങളുടെ വിശദാംശം sametham.kite.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ 2021-22 ലെ യൂണിഫൈഡ് ഡിസ്ട്രിക്ട് ഇൻഫർമേഷൻ സിസ്റ്റം ഫോർ എഡ്യൂക്കേഷൻ (യുഡൈസ് പ്ലസ്) റിപ്പോർട്ട് | (ബി) | കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ 2021-22 ലെ UDISE+ റിപ്പോർട്ട് പ്രകാരം ഡിജിറ്റൽ കേരള പദ്ധതിയ്ക്ക് കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പ്രകാരം ഡിജിറ്റൽ കേരള പദ്ധതിയ്ക്ക് ഒന്നാം സ്ഥാനം ലഭ്യമായിട്ടുണ്ടോ; | | |
| (സി) | ക്ലാസ് മുറികളിലെ പ്രൊജക്ടറുകളുടെ എണ്ണത്തിലും ഐ.സി.ടി. ലാബുകളുടെ എണ്ണത്തിലും സംസ്ഥാനം ദേശീയ ശരാശരിയേക്കാൾ മുൻപിലാണെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (സി) | ഉണ്ട്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പ്രസിദ്ധീകരിച്ച 2021-22 ലെ യുഡൈസ് പ്ലസ് റിപ്പോർട്ടിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും ഹൈടെക് പദ്ധതികൾ നടപ്പിലാക്കുകയും ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിൽ ഹൈടെക് ലാബ് പദ്ധതിയിലൂടെ ഐ.സി.ടി. ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തതോടെ കേരളം ഇന്ത്യയിലെ ആദ്യ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ